
ഇതൾ
വി പി പി എം കെ പി എസ്
ജി വി എച്ച് എസ് തൃക്കരിപ്പൂർ
Little KITEs

# വി പി പി എം കെ പി എസ് ജി വി എച്ച് എസ് എസ്

# തൃക്കരിപ്പൂർ

# സ്കൂൾ മാഗസിൻ 2018-19

ചീഫ് എഡിറ്റർ : ശ്രീ പി ടി വിജയൻ (ഹെഡ്മാസ്റ്റർ)

എഡിറ്റോറിയൽ ബോർഡ് : പ്രസന്നകുമാരി ഒ സി
പത്മനാഭൻ കെ വി
ശ്രീനിവാസൻ കെ

സ്റ്റുഡന്റ് എഡിറ്റർ : ഹിസാന മുഹമ്മദ്
ഷിഫ മറിയം

കവർ ഡിസൈൻ : മുഹമ്മദ് ജാബിർ പി

# സന്ദേശം

കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കാനുതകുന്ന പാഠ്യ പദ്ധതിയാണ് ഇന്നുള്ളത്.വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉൾപ്പെടുത്തി ലോകം പുതിയ യുഗത്തിലേക്ക് കുതിക്കുകയാണ് അതിനനുസരിച്ചുള്ള മാറ്റങ്ങൾ നമ്മുടെ ക്ലാസ് മുറികളിലും പ്രകടമാണ്.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു ഇ-മാഗസിൻപുറത്തിറക്കുകയാണ്.നൂതന സാങ്കേതിക വിദ്യ പൂർണ്ണമായും ഉപയോഗിച്ച് തയ്യാറാക്കുന്ന ***'ഇതൾ'*** ഒരു മികച്ച മാഗസിനായി തീരട്ടെ എന്ന് ആശംസിക്കുന്നു.

***ഹെഡ്മാസ്റ്റർ***

# ആമുഖം

അറിവ് നിർമാണ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പ്രാധാന്യമുണ്ട് ആധുനിക ലോകത്തിന്റ അവിഭാജ്യഘടകമായി മാറിയ കമ്പ്യൂട്ടറും ഇന്റർ നെറ്റും നമുക്ക് നൽകുന്നത് ആശയ വിനിമയത്തിന്റെ അനന്തസാധ്യതകളാണ്.കല്ലുകളിൽ കൊത്തിവെച്ച് നമ്മുടെ പൂർവികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തി നിൽക്കുന്നത്.എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കി കഴിഞ്ഞി രിക്കുന്നു.നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് തൃക്കരിപ്പൂർ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിൻ "*ഇതൾ* "ഈ സ്കൂളിലെ മുഴുവൻ കുട്ടികൾക്കുമായി സമർപ്പിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1. ഹിസാന മുഹമ്മദ്
2. ഷിഫ മറിയം കെ എൻ
3. ഫഹ്മിദ എ ജി
4. ഫാത്തിമ എ ജി
5. ഹസീബ എം
6. ഫാത്തിമ റസാഖ് എ ജി
7. ഉമ്മുൽ തെക്കിയാബി എൻ
8. ഫാത്തിമത്ത് സഫാന കെ
9. ഹഫ്ന കെ
10. ഫാത്തിമ മുഹമ്മദ് അബ്ദുള്ള
11. നൂർ ഫാത്തിമ
12. ഫാത്തിമ വി പി
13. ഫാത്തിമത്ത് സന കെ
14. റഹ്ല എ കെ
15. മുഹമ്മദ് ഫർഹാൻ എ ജി
16. മുഹമ്മദ് സഫ്‌വാൻ വി പി
17. മുഹമ്മദ് നാസിഫ്
18. ഇസ്ഹാഖ് പി
19. അബ്ദുൾ ബാസിത് കെ വി
20. മുഹമ്മദ് ജാബിർ പി വി
21. ഇർഫാൻ മുഹമ്മദലി
22. അബ്ദുൾ അലി വി പി പി
23. സഫ്‌വാൻ എൻ പി
24. ഷഹാന സുബൈർ
25. ഹാദിയ ടി
26. മുഹമ്മദ് ഇബ്റാഹിം

**ഉള്ളടക്കം**

........................................2
മലയാള ഭാഷതൻ........................................7
മഴ........................................8
സൗഹൃദം........................................9
പ്രളയം........................................10
പൂവ്........................................11
പ്രളയം പഠിപ്പിച്ച പാഠങ്ങൾ........................................12
ഞാൻ തേടുന്നു........................................13
നീരാവി........................................14
പുലർകാലം........................................15
മമ്മി........................................16
വെള്ളം........................................17
കൂട്ടുകാരൻ........................................18
രാമാനുജൻ മാന്ത്രിക ചതുരം........................................19

# മലയാള ഭാഷതൻ

നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ പ്രിയ മലയാളം ഈ കാലത്ത് പുതിയ പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണ്.മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിച്ചെങ്കിലും ഇന്നും വേണ്ടത്ര അംഗീകാരം ലഭിച്ചില്ല. ഇംഗ്ളീഷ് ഭാഷയ്ക്ക് നാം തന്നെ അനുവദിച്ചുകൊടുത്ത ആധിപത്യം നമ്മുടെ ഭാഷയെ നാലാംകിട ഭാഷയായി പരിഗണിക്കാൻ പുതിയ തലമുറക്ക് പ്രചോദനമായി.ഓരോ ഭാഷയും വളരുന്നതും വികസിക്കുന്നതും പുതിയ വാക്കുകൾ സൃഷ്ടിച്ച് മറ്റു ഭാഷകളിൽ നിന്ന് കടം കൊണ്ടും കടം എടുത്തും ഒക്കെയാണ് .നവസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായി കണ്ടുപിടിക്കപ്പെടുന്ന ഉപകരണങ്ങൾക്കും മറ്റും തനിമലയാളത്തിന്റെ പേരുകൾ നൽകുക അതും തനിമലയാളത്തിൽ അത്ര എളുപ്പമല്ലെങ്കിലും മുൻകാലങ്ങളിൽ ഇത്തരംശ്രമങ്ങൾനടന്നിട്ടുണ്ട്.നമ്മുടെ അയൽ സംസ്ഥാനത്തെ ദ്രാവിഡ ഭാഷയായ തമിഴിൽ ആയിരക്കണക്കിന് പുതിയ വാക്കുകളാണ് സൃഷ്ടിച്ച് ഉപയോഗത്തിൽ വരുത്തിയത്.ഇപ്പോഴും "ഫുട്ബോൾ" കളിക്ക് നമുക്ക് വാക്കുകളില്ല.പക്ഷേ തമിഴിൽ കാല്പന്ത് കളി എന്ന് മാത്രമാണ് ഉപയോഗിക്കാറ്. ഇഞ്ചി,തേക്ക്,കറിഎന്നിവ നമ്മുടെ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് പോയി.നമ്മുടെ ഭാഷ മലയാളമാണെന്ന് പറയാനുള്ള ആർജ്ജവം പുതിയ തലമുറ കാട്ടേണ്ടിയിരിക്കുന്നു.

-ഹിസാന മുഹമ്മദ്

# മഴ

എൻ വിദ്യാലയത്തിന്റെ മുൻവശ വാതിലിൽ

തുള്ളിയായ് ആ മഴ വന്നു ചേർന്നു..
ക്ളാസ് മുറിയുടെ ശാന്തതയിൽ നിന്നന്നെ

ഞെട്ടിയുണർന്നത് വന്നുചേർന്നു...
എങ്കിലും മഴയുടെ നാദസ്വരമേളം

എൻ കാതിൽ മെല്ലെ അലിഞ്ഞുചേർന്നു...
രാത്രിതൻ പൂവിതൾ വിരിയുന്ന നേരത്ത്

മഴയുടെ കൂട്ടിന് ഇടിയുമെത്തി...

ഭയമല്ല,എന്നിൽ നിറഞ്ഞത്

ഇടിയുടെ ഘോര ഘോര ശബ്ദമാണ്...
പിന്നെ പ്രഭാതത്തിൻ വാതിൽ

തുറന്നത് ശാന്തതയുള്ളൊരാ ഭൂവിടത്തിൽ..
മഴയുടെ താളങ്ങൾ ആസ്വദിക്കുന്നതിൽ
മറ്റൊരു ആനന്ദം എന്തു തന്നെ
അറിയുന്നു ഞാനാ മഴയുടെ കുളിർമ

അറിയുന്നു ഞാനതിൽ ഭംഗികളും...

-അനശ്രീ.പി

# സൗഹൃദം

ഞാൻ നിൽക്കുന്ന ഇടനാഴിക്കിരുവശവും
താഴിട്ടു പൂട്ടിയ നിരവധി മുറികൾ
കൈയിൽ ഒരു താക്കോൽക്കൂട്ടവുമായി
പഴുതുകൾ ഏതെന്നറിയാതെ
എങ്ങനെ ഓരോ മുറിയും തുറക്കുമെന്നറിയാതെ

ഞാൻ പകച്ചുനിൽക്കുമ്പോൾ
ഉപാധികളില്ലാത്ത സൗഹൃദപ്പുഞ്ചിരിയുമായി
എന്നെ സഹായിക്കാൻ
അണിഞ്ഞൊരുങ്ങി വന്നവൾ
എൻ കൂട്ടുകാരി

ദിക്കുകളെ വളച്ചൊടിക്കാൻ ശ്രമിക്കാത്തവൾ...
എവിടേയും ജയിക്കാൻ കഴിയാത്ത എന്നോട്

സ്വരം നല്ലതല്ലേ , നീ പാട്ടു പാടൂ
എന്നു പറഞ്ഞവൾ
ആനക്കാൽ ഒരു കരകൊണ്ട് മറച്ചുവച്ചിട്ട്

'കാസിൽ 'ചെയ്യാൻ ഞാൻ കാത്തിരിക്കുന്നു
അവൾ പറഞ്ഞു
കരുക്കളല്ല കുരുക്കൾ

# പ്രളയം

വാനം കറുത്തിരുണ്ടു മേഘം വിങ്ങിപ്പൊട്ടി
മഴയായി കൊട്ടും മഴയായ് ഭൂമിയിലേക്ക്
വെള്ളം നിറച്ച് പ്രകൃതി നമ്മെ വഞ്ചിച്ചു.
പുഴ നിറഞ്ഞു പാടങ്ങൾ കവിഞ്ഞു പുരയിടവും മുങ്ങി
രക്ഷാപ്രവർത്തനം തുടങ്ങി
കേരളം ഒന്നായി കൈകോർത്തു.
കടലമ്മയുടെ മക്കളും ഇന്ത്യയുടെ രക്ഷാഭടൻമാരും
മറ്റു യുവാക്കളും ഒത്തൊരുമിച്ചു.
വിദ്യാലയങ്ങൾ കേന്ദ്രങ്ങളായി
കുഞ്ഞേ, പാഠ പുസ്തകങ്ങൾ പ്രകൃതി കൊണ്ടു പോയെങ്കിലും
തന്നു നിനക്കായി പ്രകൃതി ഒരു ജീവിത പാഠം....
രക്ഷിക്കു നാം പ്രകൃതിയെ
പ്രകൃതി നൽകിയ ജീവിത പാഠം
മനസിലാക്കി കൊണ്ട്.........

**ഷിഫ മറിയം.കെ.എൻ**

# പൂവ്

പൂവേ പൂവേ കൊഴിയല്ലെ
പൂന്തേന്നല്വ വന്നു വിളിച്ചാൽ പോവല്ലെ
പുലരി പുതു മഴയിൽ ഇതളു പൊഴിക്കല്ലെ
പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ...
അത്,പൂന്തേനുണ്ണാനണയുവതാണേ
നിന്നേ കാണാനെന്നും കൊതിയാണേ...
എനിക്കു നിന്ന കാണനെന്നും...കൊതിയാണേ...

-ഹാദിയ

# പ്രളയം പഠിപ്പിച്ച പാഠങ്ങൾ

ആശിച്ചു വന്ന ആദ്യ മഴതൻ കുളിർമ്മ
മാഞ്ഞുപോയീ മനുഷ്യർ വെറുത്തുപോയീ..
ദിവസങ്ങളൊരുപാട് കഴിഞ്ഞു പോയീ...
മഴയോ അതിരറ്റ് കടന്നുപോയീ...

അറിഞ്ഞിരുന്നില്ല മനുഷ്യാ നീ..
താൻ ചെയ്ത അനീതികൾക്ക് ഒരു
അവസാനമുണ്ടെന്ന്
മലയെ കാർന്ന് തിന്നുമ്പോൾ
അറിഞ്ഞില്ല നീ..
മലതൻ മഴയെന്ന കാമുകനേ..
മഴ നിന്നു പോയീ
സൂര്യമുഖം വിടരുകയയായി
താൻ നിക്ഷേപിച്ചതൊക്കയും
തിരിച്ചുതന്ന് പുഴയും കടലും
അകന്നു പോയീ....

തന്റെ അനീതികളെ പറ്റി ഓർമ്മിപ്പിച്ച
പ്രളയം എന്ന അധ്യാപകനും
വിടവാങ്ങയായ്.......

- **അഹമ്മദ് ഹിർഷാദ് ഒ.വി**

# ഞാൻ തേടുന്നു

എൻ മനം ഉള്ളിൽ നിന്ന്
ചൊല്ലുമൊരാശ്വാസ ഗീതം
എൻ കൈകൾ മിഴി നീർ
തുടരെ നീക്കി കളയുന്നു
ഞാൻ തേടുന്നു എന്നെ
നീ ചൊല്ലുക ഞാനെന്തുചെയ്യണമെന്ന്
ഒരുപാട് നിന്നോട് പറയാനുണ്ട്
എനിക്ക് പക്ഷെ നീ
എന്നെ കേൾക്കുന്നില്ല
നീ എന്നെ അകറ്റുകയാണോ
ഞാൻ കാത്തുനിൽക്കും നിൻ
വിളികേൾക്കുമകലെ നീ
എന്നെ വിളിക്കുമെന്നവിശ്വാസത്തോടെ
എന്നെ നോക്കുമെന്നുള്ള പരിഹാരത്തിനായി......

# നീരാവി

**കടലിൽ നിന്നും നീരാവി**
**സൂര്യതാപമേറ്റയരുന്നു**
**കാറ്റിൻ ഗതിയിൽ മഴമേഘം**
**വൃക്ഷഛായ ശീതളമാകും**

**കാടിനു മീതെയെത്തുമ്പോൾ**
**ഘനീഭവിക്കും ജലമാകും**
**ചറ പറ ചറ പറ നീർമണികൾ**
**ചറ പറ ചറ പറ മഴപെയ്യും**

**-ഇർഫാൻ**

# പുലർകാലം

പുലർക്കാലമെനിക്കു കൺകുളി-

രാകേണമേയെന്നു ഞാൻ,

ഭാവമോടരുളിച്ചെയ്തു മടങ്ങുമെൻ,

അക്ഷികൾ,ചുണ്ടുകൾ,കാതുകൾ,

മേദിനിയുണരും സമയത്തു ഞാൻ,
കണ്ടതിന്നാദ്യം ആദിത്യനങ്ങ്

മലമുകളിൽ ജനിച്ചു വരുന്നു.

നാളിക,പൂവാകെ പൂത്തതും,

എൻ മിഴികളാൽ കണ്ടു.

കാട്ടു ചോലയിൽ ഗന്ധം പരത്തും,

വനമല്ലി പൂത്തും പുലർച്ച-
യിൽ തന്നെ

എൻ മേനിയിൽ കുളിര് കോർന്ന് തണുപ്പി-

നെയറിയിക്കുന്നതും പുലർച്ച തന്നെ....

# മമ്മി

കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഓടി വന്ന അവൾ മൊബൈൽ എടുത്ത് നോക്കി. റിംങ് ട്യൂണല്ലെന്ന് മനസ്സിലാക്കി ജാള്യതയോടെ തിരിച്ച് നടക്കുമ്പോഴും തൊട്ടിലിൽ നിന്ന് കുഞ്ഞ് വാവിട്ട് നിലവിളിക്കുന്നുണ്ടായിരുന്നു

-ഇസ്ഹാഖ്

# വെള്ളം

ദാഹിക്കുമ്പോൾ നാമെല്ലാം
എന്തു കുടിക്കും ചൊല്ലാമോ!
വെള്ളം!വെള്ളം!എല്ലാർക്കും
ജീവിച്ചീടാനതു വേണം!
ജന്തുക്കൾക്കും ചെടികൾക്കും
വേണം കുടിനീരെന്നെന്നും!
ശുദ്ധജലത്തിനു നിറമില്ല
രുചിയില്ലൊട്ടും മണമില്ല!

# കൂട്ടുകാരൻ

കൂട്ടുകൂടാനായെൻെറ
കൂട്ട തേടിയണഞ്ഞോരു

കുഞ്ഞാറ്റകിളി.........
കാറ്റിനോടു കഥ മെനഞ്ഞും
കടലിനോടു കളി പറഞ്ഞും

കാടായ കാടെലാം,മേടായ മേടെലാം
കണ്ണാരം പോത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കോക്കുരുമ്മി  ചിറകുരുമ്മി
കിലുകിലെ കോചി ചിലച്ചും
കിളി കൂട്ടിലെന്നെ
കുളിരണിയിക്കാതെ
കരളിൻെറ കരളായ

എന്റെ കളിക്കൂട്ടുകാരൻ........

# രാമാനുജൻ മാന്ത്രിക ചതുരം

| | | | |
|---|---|---|---|
| 22 | 12 | 18 | 87 |
| 88 | 17 | 9 | 25 |
| 10 | 24 | 89 | 16 |
| 19 | 86 | 23 | 11 |

സാധാരണ മാന്ത്രിക ചതുരങ്ങളിൽ നിന്ന് രാമാനുജൻ മാന്ത്രിക ചതുരം വ്യത്യസ്തമാകുന്നത് അതിലെ ഓരോ 2x2 സമചതുരത്തിന്റെയും തുകയും തുല്യമായിരിക്കും.

ഇതിന്റെ ആദ്യവരി രാമാനുജന്റെ ജനനതീയ്യതിയാണ്

22 -12-1887

# വി പി പി എം കെ പി എസ് ജി വി എച്ച് എസ് എസ് തൃക്കരിപ്പൂർ

